കയർ കേരള:

ആലപ്പുഴയെ കാത്തിരിക്കുന്നത് കലയുടെ അഞ്ചു രാവുകൾ

ആലപ്പുഴ: കയർ കേരള 2019നോടനുബന്ധിച്ച് ഇഎംഎസ് സ്റ്റേഡിയം നൂതനവും വ്യത്യസ്തങ്ങളുമായ കലാപരിപാടികൾക്കാണ് ഡിസംബര് നാലു മുതല് എട്ടുവരെയുള്ള രാവുകളിൽ സാക്ഷ്യം വഹിക്കുക. സ്ത്രീകൾക്ക് കൂടുതല് പ്രാധാന്യം നൽകിയുള്ള കലാവിരുന്നാണ് ഇത്തവണ അവതരിപ്പിക്കപ്പെടുന്നതിലേറെയും എന്ന പ്രത്യേകതയുമുണ്ട്.

ഡിസംബർ നാലിന് വൈകിട്ട് 4.30ന് വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥാണ് സാംസ്കാരിക സന്ധ്യകൾ ഉദ്ഘാടനം ചെയ്യുന്നത്. ധനകാര്യ-കയർ വകുപ്പു മന്ത്രി ഡോ. ടി.എം. തോമസ് ഐസക് അധ്യക്ഷത വഹിക്കും. മികച്ച നടിക്കുള്ള സംസ്ഥാന പുരസ്കാരം നേടിയ ചലച്ചിത്ര താരം നിമിഷ സജയൻ, എഴുത്തുകാരായ ഡോ. ഖദീജ മുംതാസ്, ഡോ. കെ.ശാരദക്കുട്ടി, ഡോ. പി.എസ്. ശ്രീകല എന്നിവർ മുഖ്യാതിഥികളാകും.

5.30ന് മട്ടന്നൂർ ശങ്കരൻകുട്ടിയുടെ നേതൃത്വത്തില് എട്ട് വാദ്യപ്രമാണിമാര് കേരളീയ തുകൽ വാദ്യങ്ങളുടെ വിസ്മയം തീർക്കുന്ന താളവാദ്യലയ സമന്വയം. തൃപ്പൂണിത്തുറ കൃഷ്ണദാസ് (ഇടയ്ക്ക), വെള്ളിനേഴി രാംകുമാർ (വലംതലച്ചെണ്ട), കലാമണ്ഡലം ഈശ്വരൻ (മിഴാവ്), പാഞ്ഞാൾ വേലുക്കുട്ടി (ഇലത്താളം), പല്ലാവൂർ കൃഷ്ണൻകുട്ടി (കുറുങ്കുഴൽ), മച്ചാട് മണികണ്ഠൻ (കൊമ്പ്), കോട്ടയ്ക്കൽ രവി (മദ്ദളം), ഒറ്റപ്പാലം ഹരി (തിമില) എന്നിവരും മട്ടന്നൂരിനൊപ്പം ചേരും. വാദ്യചരിത്രത്തിൽ ആദ്യമായാണ് ഇത്തരമൊരു സമന്വയം അവതരിപ്പിക്കപ്പെടുന്നത്. രാത്രി 7.30ന് ചലച്ചിത്ര പിന്നണി ഗായകരായ മധു ബാലകൃഷ്ണൻ, സയനോര, രാജലക്ഷ്മി, അൻവര് സാദത്ത്, ആബിദ് എന്നിവർ നയിക്കുന്ന ഗാനമേള.

ഡിസംബർ അഞ്ചിന് വൈകിട്ട് ആറിന് എറണാകുളം യുവകലാ ചവിട്ടുനാടക സമിതി അവതരിപ്പിക്കുന്ന ചവിട്ടുനാടകം- 'കാറൽസ്മാന് ചരിതം'. 6.30ന് ചലച്ചിത്ര താരം 'ലൂസിഫർ' ഫെയിം സാനിയ ഇയ്യപ്പന്, പാരിസ് ലക്ഷ്മി, നൂറിൻ, റംസാന് മുഹമ്മദ് എന്നിവരുടെ നേതൃത്വത്തില് സജ്നാ നജാം സംവിധാനം ചെയ്ത ഡാൻസ് ഫ്യൂഷന് ഫെസ്റ്റ്- 'രംഗോലി'.

ഡിസംബർ ആറിന് വൈകിട്ട് അഞ്ചിന് രാജേഷ് ചേർത്തലയും സംഘവും അവതരിപ്പിക്കുന്ന വിൻഡ് ഫ്യൂഷന്, ഏഴു മണിക്ക് ചലച്ചിത്ര പിന്നണി ഗായിക രശ്മി സതീഷ് നേതൃത്വം നൽകുന്ന രേസ ബാൻഡിന്റെ പടപ്പാട്ടിന്റെ ചൂടും ചൂരുമുള്ള നാടൻപാട്ടുകൾ. എട്ടു മണിക്ക് കെപിഎസിയുടെ നാടകം-

'മഹാകവി കാളിദാസൻ'.

ഡിസംബർ ഏഴിന് വൈകിട്ട് ആറിന് ഷൈലജ പി. അമ്പുവിന്റെ ഏകാംഗ നാടകം- 'മൽസ്യഗന്ധി'. 6.30ന് ഷബ്നം റിയാസ് നേതൃത്വം നൽകുന്ന കേരളത്തിലെ ആദ്യത്തെ വനിതാ സൂഫി ബാൻഡായ ലയാലീ സൂഫിയയുടെ ഖവാലി. 8.30ന് ചലച്ചിത്ര താരം റിമാ കല്ലിങ്കലിന്റെ നേതൃത്വത്തിൽ ഡാൻസ് ഫ്യൂഷൻ- 'മാമാങ്കം'.

സമാപന ദിവസമായ ഡിസംബർ എട്ടിന് വൈകിട്ട് ആറിന് ശ്രീജ ആറങ്ങോട്ടുകര അവതരിപ്പിക്കുന്ന നാട്ടുനാടകം- 'മണ്ണാത്തിത്തെയ്യം'. ഒപ്പം സൈക്കിൾ നാടകമെന്ന തിയേറ്റർ പരീക്ഷണവും അരങ്ങേറും. ഏഴു മണിക്ക് ഇന്ത്യൻ പോപ്പ് സംഗീതത്തിന് കേരളം സമ്മാനിച്ച തൈക്കൂടം ബ്രിഡ്ജിന്റെ സംഗീത വിസ്മയം.

കയർ കേരള:

ചേർത്തലയില് നിന്ന് ആലപ്പുഴയിലേക്ക് സൈക്കിള് റാലി

ആലപ്പുഴ: കയർ കേരള 2019ന്റെ ഹരിതസന്ദേശം കൂടുതൽ ആളുകളിലേക്കെത്തിക്കാനായി ഇന്ന് (തിങ്കൾ) ചേർത്തലയില് നിന്ന് ആലപ്പുഴയിലേക്ക് സൈക്ലത്തോൺ നടത്തും. ഉച്ചകഴിഞ്ഞ രണ്ടിന് ചേർത്തല പോളിടെക്നിക്കിൽ ചലച്ചിത്ര താരങ്ങളായ മെറിന് ഫിലിപ്പ്, അഖില മോഹൻ, സിത്താര വിജയൻ എന്നിവര് ചേർന്ന്  ഉദ്ഘാടനം ചെയ്യും. ആലപ്പി ബൈക്കേഴ്സ് ക്ലബ്ബ്, കായംകുളം ഫ്രീ വീലേഴ്സ് സൈക്ലിംഗ് ക്ലബ്ബ്, ആലപ്പി സൈക്ലിംഗ് ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിൽ നൂറിലേറെ പേര് സൈക്ലത്തോണിൽ പങ്കെടുക്കും. വൈകിട്ട് അഞ്ചിന് ആലപ്പുഴ ടൗൺ ചുറ്റി ഇഎംഎസ് സ്റ്റേഡിയത്തിൽ സൈക്ലത്തോണ് സമാപിക്കും. സമാപന സൈക്കിളിംഗിലും ഉദ്ഘാടകരായ ചലച്ചിത്രതാരങ്ങള് പങ്കെടുക്കും.